## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1665 | | 06.03.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ക്ഷേമപെൻഷനുകൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് വിതരണം ചെയ്ത ക്ഷേമപെൻഷനുകൾക്ക് ഗവൺമെന്റ് എത്ര തുകയാണ് നൽകിയിട്ടുള്ളത് ; | (എ) | 2016 - 17 സാമ്പത്തിക വർഷം സാമൂഹ്യ സുരക്ഷ പെൻഷനുകൾക്ക് ആയി 2016 ഡിസംബർ മാസം വരെ 3942.35 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിൽ കുടിശ്ശിക ഇനത്തിൽ എത്ര തുകയാണ് നൽകിയിട്ടുള്ളത് ; | (ബി) | കുടിശ്ശിക ഇനത്തിൽ 1389.58 കോടി രൂപ നൽകിയിട്ടുണ്ട്. |
| (സി) | ക്ഷേമപെൻഷൻ ലഭിക്കാൻ അപേക്ഷിച്ചവരിൽ അർഹതപ്പെട്ട ആർക്കെങ്കിലും ഇനി തുക നൽകാനുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച് വിവരം ലഭ്യമാക്കിയ എല്ലാ ഗുണഭോക്താക്കൾക്കും തുക വിതരണം ചെയ്തിട്ടുണ്ട്. പരാതി ശ്രദ്ധയിൽപെട്ടിട്ടില്ല |
| (ഡി) | ക്ഷേമപെൻഷനും ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യവും ലഭിച്ചുകൊണ്ടിരുന്നവർക്ക് ക്ഷേമപെൻഷൻ റദ്ദാക്കിയ കാരണം എന്തെന്ന് സദയം വിശദീകരിക്കാമോ? | (ഡി) | സർക്കാർ ഫണ്ട് ഉപയോഗിച്ച് ക്ഷേമനിധി പെൻഷൻ നൽകുന്ന ഗുണഭോക്താക്കളുടെ ക്ഷേമ പെൻഷനാണ് താൽക്കാലികമായി തടഞ്ഞ് വച്ചിട്ടുള്ളത്. ടി ഗുണഭോക്താക്കൾക്ക് 600/ രൂപ നിരക്കിൽ ക്ഷേമ പെൻഷൻ തുടർന്നും നൽകുന്നതാണ്. |



സെക്ഷൻ ഓഫീസർ